**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ റിട്ട. ഹെൽത്ത് സൂപ്പർവൈസറായ ശ്രീ. കെ.സി. പീറ്റർ, റിട്ട ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- I ആയ ശ്രീ.എം.എൻ, മോഹനൻ നായർ എന്നിവർ ഫയൽ ചെയ്ത T.A.No. 1100/2013 (WP(C) No. 2565/2012 ലെ) 18.10.2016 ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

====================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.599/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 03.03.2017.

====================================================================

**പരാമർശം** :
1) നഗരകാര്യ ഡറക്ടറുടെ 20.06.2011 ലെ PF6-1019/10, നമ്പർ നടപടിക്രമങ്ങൾ.
2) നഗരകാര്യ ഡറക്ടറുടെ 20.06.2011 ലെ PF6-1018/10 നമ്പർ നടപടിക്രമങ്ങൾ.
3) ശ്രീ. കെ.സി. പീറ്റർ, ശ്രീ. എം.എൻ മോഹനൻ നായർ എന്നിവർ സർക്കാരിന് സമർപ്പിച്ച 18.01.2016 ലെ നിവേദനം.
4) ശ്രീ. കെ.സി. പീറ്റർ, ശ്രീ. എം.എൻ മോഹനൻ നായർ എന്നിവർ ഫയൽ ചെയ്ത T.A. No.1100/2013 (WP(C No.2565/2012) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 18.10.2016 ലെ വിധിന്യായം.
5) ശ്രീ. കെ.സി. പീറ്റർ, ശ്രീ. എം.എൻ മോഹനൻ നായർ എന്നിവർ 17.01.2017-ൽ ഹിയറിംഗ് സമയത്ത് സമർപ്പിച്ച കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റുകൾ.
6) സർക്കാരിൽ നിന്നും നഗരകാര്യ ഡയറക്ടർക്കയച്ച 02.02.2017 ലെ 10541/ഇ.യു3/12/തസ്വഭവ. നമ്പർ സർക്കാർ കത്ത്.
7) നഗരകാര്യ ഡറക്ടറുടെ 10.02.2017 ലെ PF6- 23/2017 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയിൽ നിന്നും 31.03.2011 ൽ റിട്ടയർ ചെയ്ത ഹെൽത്ത് സൂപ്പർവൈസർ ശ്രീ. കെ.സി. പീറ്റർ, ശ്രീ. എം.എൻ. മോഹനൻ നായർ എന്നിവരുടെ സെൻട്രൽ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ (യഥാക്രമം PF 6/3767, PF 6/3704) ക്ലോസ് ചെയ്ത് ടിയാളുകൾക്ക് യഥാക്രമം 3,97,356/-

രൂപ, 99,422/- രൂപ എന്നീ ക്രമത്തിൽ അനുവദിക്കുവാനും, കുടിശ്ശിക ഇനത്തിൽ സി.പി.എഫ്.ൽ ഒടുക്കാത്ത ഏതെങ്കിലും തുക അവശേഷിക്കുന്നെങ്കിൽ ആയത് നിയമാനുസൃത പലിശ സഹിതം നഗരസഭാ ഫണ്ടിൽ നിന്നും ടി കക്ഷികൾക്ക് നേരിട്ട് നൽകണമെന്നും നിർദ്ദേശിച്ച് പരാമർശം (1), (2) എന്നിവകൾ പ്രകാരം നഗരകാര്യ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തങ്ങൾക്ക് പ്രൊവിഡന്റ് ഫണ്ട് ക്ലോഷറിൽ DA & Pay revision അരിയർ ഇനത്തിൽ 1,73,956/- രൂപയും 2,30,195/- രൂപയും ഇനിയും ലഭിക്കുവാനുണ്ട് എന്ന് കാണിച്ച് ശ്രീ. കെ.സി. പീറ്ററും, ശ്രീ. എം.എൻ. മോഹനൻ നായരും കേരളാ ഹൈക്കോടതിയിൽ WP( C) No. 2565/2012 ഫയൽ ചെയ്യുകയുണ്ടായി.

3. ശ്രീ. കെ.സി. പീറ്ററിന്റെയും, ശ്രീ.എം.എൻ. മോഹനൻ നായരുടേയും റിട്ട് ഹർജി പരിഗണിക്കവേ 29.01.2013 ൽ ബഹു. ഹൈക്കോടതി Interim Order പുറപ്പെടുവിച്ചിരുന്നു. ആയതിൽ Rule 36 of Kerala Municipality (Municipal Employees Central Provident Fund) Rules, 2005 പ്രകാരം സർക്കാരിന് റെപ്രസെന്റേഷൻ നൽകുവാൻ ഹർജിക്കാരോട് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

4. 2005 -ലെ കേരളാ മുനിസിപ്പാലിറ്റി (മുനിസിപ്പൽ ജീവനക്കാരുടെ സെൻട്രൽ പ്രൊവിഡന്റ് ഫണ്ട്) ചട്ടങ്ങൾ രൂപീകൃതമായത് 30.04.2005-ലെ G.O.(P) No. 124/2005/തസ്വഭവ. നമ്പർ നോട്ടിഫിക്കേഷൻ പ്രകാരമാണ്. ആയതിലെ റൂൾ 36 ഇപ്രകാരമാണ്.

*"36 : സർക്കാരിന്റെ പ്രത്യേകാധികാരം : ഈ ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ചട്ടങ്ങളിലെ ഏതെങ്കിലും വ്യവസ്ഥ നടപ്പാക്കുന്നതുമൂലം ഏതെങ്കിലും ജീവനക്കാരന് അതീവ കഷ്ടപ്പാടുകൾ ഉണ്ടാകുകയോ ഉണ്ടാകാൻ കാരണമാകുകയോ ചെയ്യുന്നുവെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം ബന്ധപ്പെട്ട ജീവനക്കാരനെ നേരിൽ കേട്ട ശേഷവും കാരണങ്ങൾ രേഖപ്പെടുത്തിയ ശേഷവും ആ ജീവനക്കാരന്റെ കാര്യത്തിൽ സർക്കാരിന് ന്യായയുക്തമെന്ന് തോന്നുന്ന തീരുമാനമെടുക്കാവുന്ന താണ്.*

*എന്നാൽ സർക്കാർ കൈക്കൊള്ളുന്ന ഏതു തീരുമാനവും ഈ ചട്ടങ്ങളിൽ ജീവനക്കാരന് ലഭ്യമായിട്ടുള്ള ആനുകൂല്യത്തിൽ നിന്ന് കുറയാൻ പാടില്ലാത്തതാണ്."*

5. ബഹു. ഹൈക്കോടതി വിധി പ്രകാരം ശ്രീ. കെ.സി. പീറ്ററും ശ്രീ.എം.എൻ മോഹനൻ നായരും പരാമർശം 3 പ്രകാരം സർക്കാരിന് ഹർജി സമർപ്പിച്ചു.

6. ബഹു. ഹൈക്കോടതിയിൽ നിന്നും ഈ കേസ് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും T.A. No. 1100/2013 ആയി അത് തിരുവനന്തപുരം കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ റീ നമ്പർ ചെയ്യപ്പെടുകയും ചെയ്തു. ആയതിലെ പരാമർശം (4) ലെ വിധിന്യായത്തിൽ ഹർജിക്കാരുടെ Annexure-A10 റെപ്രസെന്റേഷൻ വിധിപ്പകർപ്പ് ലഭിച്ച് മൂന്ന് മാസങ്ങൾക്കകം അവരെ നേരിട്ട് കേട്ടതിന് ശേഷം പരിഗണിച്ച് അനുയോജ്യമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

7. മേൽപ്പറഞ്ഞ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജ്ജിക്കാരായ ശ്രീ. കെ.സി. പീറ്ററെയും എം.എൻ. മോഹനൻ നായരെയും 17.01.2017 ൽ തദ്ദേശ സ്വയംഭരണ അണ്ടർ സെക്രട്ടറി നേരിട്ട് കേട്ടു. തനിയ്ക്ക് ADA & PRA ഇനത്തിൽ 3,39,121/- രൂപയും, 2,613,14/- രൂപയും ലഭിക്കുവാനുണ്ടെന്ന് ശ്രീ. മോഹനൻ നായരും, ശ്രീ. കെ.സി. പീറ്ററും ഹിയറിംഗിൽ ബോധിപ്പിച്ചു. തങ്ങളുടെ വാദഗതികൾക്കാധാരമായി അവർ പരാമർശം (5) പ്രകാരമുള്ള കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചു. മേൽപ്പറഞ്ഞ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിന്മേൽ പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് ആരാഞ്ഞു. ഇക്കാര്യത്തിൽ താഴെപ്പറയുന്ന വസ്തുതകൾ നഗരകാര്യ ഡയറക്ടർ പരാമർശം (7) പ്രകാരം സർക്കാരിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

*"കൊച്ചി നഗരസഭയിലെ റിട്ടയേർഡ് ഹെൽത്ത് സൂപ്പർവൈസർ ശ്രീ. കെ.സി. പീറ്റർക്ക് 20.06.2011 ലെ PF 6-1019/10 നമ്പർ പ്രകാരമുള്ള ഉത്തരവിൻ പ്രകാരം 397356/- രൂപ നൽകുവാനുള്ള അനുമതി കൊച്ചി നഗരസഭാ സെക്രട്ടറിയ്ക്ക് നൽകുകയും 06.07.2011 ലെ 5711023 നമ്പർ ചെക്ക് പ്രകാരം കൊച്ചി നഗരസഭാ സെക്രട്ടറി ശ്രീ.കെ.സി. പീറ്റർക്ക് പ്രസ്തുത തുക നൽകുകയും ചെയ്തിട്ടുള്ളതാണ്. കൊച്ചി നഗരസഭയിലെ റിട്ടയേർഡ് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. എം.എൻ. മോഹനൻ നായർക്ക് 20.06.2011 ലെ PF 6-1018/10 നമ്പർ ഉത്തരവിൻ പ്രകാരം 99,422/- രൂപനൽകുവാനുള്ള അനുമതി കൊച്ചി നഗരസഭാ സെക്രട്ടറിയ്ക്ക് നൽകുകയും 06.07.2011 ലെ 5711024-ാം നമ്പർ ചെക്ക് പ്രകാരം ശ്രീ. എം.എൻ. മോഹനൻ നായർക്ക് പ്രസ്തുത തുക നൽകുകയും ചെയ്തിട്ടുള്ളതാണ്. ഓരോ ജീവനക്കാരനും സേവനമനുഷ്ടിച്ച നഗരസഭകളിൽ നിന്നും അവരവരുടെ സേവനകാലത്തെ പി.എഫ്. സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയാണ് അന്തിമമായ കണക്കുകൂട്ടൽ പത്രം തയ്യാറാക്കുന്നത്. നഗരസഭയിൽ നിന്നും ഓരോ ജീവനക്കാരുടെയും പേരിൽ ഒടുക്കിയിട്ടുള്ള അരിയർ നൽകിയ D.A., Pay revision arrear എന്നിവ കൂടി ചേർത്ത സ്റ്റേറ്റ്മെന്റുകളാണ് പി.എഫ് അവസാനിപ്പിക്കുന്നതിന് ലഭ്യമാക്കുന്ന സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചില നഗരസഭകൾ അവരുടെ ഫണ്ട് ലഭ്യത കുറവു മൂലം D.A., Pay revision arrear എന്നിവ പി.എഫ്.ൽ*

ഒടുക്കാറില്ല. ഇങ്ങനെ നഗരസഭകളിൽ നിന്നും ഒരു ജീവനക്കാരൻ റിട്ടയർമെന്റിന് മുമ്പുള്ള D.A., Pay revision arrear എന്നിവ നഗരകാര്യ ഡയറക്ടറുടെ പേർക്ക് അയച്ചുതരുകയും ആയത് ക്രെഡിറ്റ് ചെയ്ത് പി.എഫ് അവസാനിപ്പിക്കുന്നതിന് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുകയും ചെയ്യാറുണ്ട്. റിട്ടയർ ചെയ്ത ജീവനക്കാർക്ക് ലഭിക്കാനുള്ള D.A., Pay revision arrear എന്നിവ സി.പി.എഫ്. ൽ ഒടുക്കിയിട്ടില്ലാത്ത പക്ഷം നിയമാനുസൃതം പലിശ സഹിതം അവർ സേവനമനുഷ്ടിച്ച നഗരസഭകളിൽ നിന്നും നൽകുന്നതിന് ബന്ധപ്പെട്ട ഉത്തരവുകളിൽ നിർദ്ദേശമുണ്ട്.

ശ്രീ. എം.എൻ. മോഹനൻ നായരുടെയും, ശ്രീ. കെ.സി. പീറ്ററിന്റെയും സേവനമനുഷ്ഠിച്ച നഗരസഭകളിൽ നിന്നും കണക്കുകൾ ശേഖരിച്ച് പരിശോധിച്ചതിൽ ശ്രീ. എം.എൻ. മോഹനൻ നായർക്ക് 25.08.2004 ലെ ജി.ഒ.(പി) 390/2004/ഫിൻ ഉത്തരവിൻ പ്രകാരം 1835/- രൂപയും 16.02.2008 ലെ ജി.ഒ.(പി) 91/8/ഫിൻ ഉത്തരവ് പ്രകാരം 14088/- രൂപയും ആയതിന് നാളിതുവരെയുള്ള പലിശയും മാത്രം നൽകുവാനുള്ളതായി കാണുന്നു. ടി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

8 മേൽപ്പറഞ്ഞ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് നഗരകാര്യ ഡയറക്ടറുടെ മേൽപ്പറഞ്ഞ റിപ്പോർട്ട് സഹിതം സർക്കാർ വിശദമായി പരിശോധിച്ചു. 2005-ലെ കേരളാ മുനിസിപ്പാലിറ്റി (മുനിസിപ്പൽ ജീവനക്കാരുടെ സെൻട്രൽ പ്രൊവിഡന്റ് ഫണ്ട്) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ജീവനക്കാരന്റെ മുനിസിപ്പൽ സെൻട്രൽ പ്രൊവിഡന്റ് ഫണ്ട് പരിപാലിക്കേണ്ടത് നഗരകാര്യ ഡയറക്ടറാണ്. അത് നഗരകാര്യ ഡയറക്ടറുടെ ഭരണനിയന്ത്രണത്തിലുമാണ്. റൂൾ 13 പ്രകാരം ഓരോ മാസത്തെ ശമ്പളത്തിൽ നിന്നും ഈടാക്കിയ വരിസംഖ്യ അതത് നഗരസഭകൾ ഡിമാന്റ് ഡ്രാഫ്റ്റായി നഗരകാര്യ ഡയറക്ടർക്ക് അയച്ചുകൊടുക്കണം. ചട്ടം 28 (2) പ്രകാരം ഈ ഫണ്ടിന്റെ കണക്ക് വർഷംതോറും ലോക്കൽ ഫണ്ട് ഡയറക്ടർ ആഡിറ്റ് ചെയ്യേണ്ടതും, അദ്ദേഹം ചൂണ്ടിക്കാണിക്കുന്ന ന്യൂനതകളും വീഴ്ചകളും കുറവുകളും ഡയറക്ടർ അത് സംബന്ധമായ റിപ്പോർട്ട് ലഭിച്ച് ആറുമാസത്തിനകം പരിഹരിച്ച് ലോക്കൽ ഫണ്ട് ഡയറക്ടർക്ക് മറുപടി നൽകേണ്ടതുമാണ്. ഈ കേസിൽ സർക്കാരിന്റെ പരാമർശം 6 ലെ കത്തിനെ ആസ്പദമാക്കി ശ്രീ. എം.എൻ. മോഹനൻ നായരും, ശ്രീ. കെ.സി. പീറ്ററും സേവനമനുഷ്ഠിച്ച നഗരസഭകളിൽ നിന്നും കണക്കുകൾ ശേഖരിച്ച് നഗരകാര്യ ഡയറക്ടർ പരിശോധിക്കുകയും, ശ്രീ. എം.എൻ. മോഹനൻ നായർക്ക് 25.08.2004 ലെ G.O.(P) No. 390/2004/ഫിൻ. നമ്പർ ഉത്തരവിൻ പ്രകാരം 1835/- രൂപയും, 16.02.2008-ലെ G.O.(P) No. 91/08/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം 14088/- രൂപയും ആയതിന് നാളിതുവരെയുള്ള പലിശയും നൽകാനുണ്ടെന്ന് കണ്ടെത്തുകയും പ്രസ്തുത തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ. കെ.സി. പീറ്റർക്ക് D.A., Pay revision arrear ഇനത്തിൽ യാതൊരു തുകയും നൽകുവാനില്ല.

൯. മേൽപ്പറഞ്ഞ സാഹചര്യത്തിൽ തങ്ങൾക്ക് ഡി.എ. അരിയർ ഇനത്തിലും, പേ റിവിഷൻ അരിയർ ഇനത്തിലും ഇനിയും യഥാക്രമം 339121, 260314 രൂപ ലഭിക്കുവാനുണ്ട് എന്ന ശ്രീ. കെ.സി. പീറ്ററിന്റെയും, ശ്രീ. എം.എൻ. മോഹനൻ നായരുടെയും വാദഗതി നിരസിച്ചുകൊണ്ടും, അപ്രകാരം പരാമർശം 3 ലെ Annexure A10 ഹർജി തീർപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

൧൦. പരാമർശം (4) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
ശ്രീ. കെ.സി. പീറ്റർ, ഹെൽത്ത് സൂപ്പർവൈസർ (റിട്ട.)
കോയിക്കര ഹൗസ്സ്, ചെറുപുഷ്പം ലെയ്ൻ, അശോക റോഡ്,
കലൂർ. പി.ഒ., കൊച്ചി-682 017.
ശ്രീ. എം.എൻ. മോഹനൻ നായർ, ഹെൽത്ത് സൂപ്പർവൈസർ Grade I
(റിട്ട.), അമൃതാഞ്ജലി, തായിക്കാട്ടുകര പി.ഒ., ആലുവ-683 106.
ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്തു സഹിതം)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

Liya

**സെക്ഷൻ ഓഫീസർ**